പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5755 — 02.07.2014 ൽ മറുപടിക്ക്

ആഭരണ വ്യാപാരികളിൽ നിന്നും പിരിച്ചെടുക്കേണ്ട സെസ്സ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. ചന്ദ്രൻ | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) കേരള ആഭരണ നിർമ്മാണ തൊഴിലാളി ക്ഷേമ പദ്ധതിയിലേക്ക് വ്യാപാരികളിൽ നിന്നും പിരിക്കേണ്ട സെസ്സ് മൂന്നു വർഷമായി പിരിച്ചെടുക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എന്തു കൊണ്ടാണ് ഇത് പിരിച്ചെടുക്കുവാൻ സാധിക്കാത്തതെന്നു വ്യക്തമാക്കമോ ; | (ബി) 10 ലക്ഷം രൂപയിലധികം വിറ്റുവരവുള്ള ആഭരണ വ്യാപാര സ്ഥാപനങ്ങളുടെ പട്ടിക ലഭ്യമാക്കുന്നതിന് വാണിജ്യനികുതി വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭിക്കുന്നതിന് ഉണ്ടായ കാലതാമസവും സെസ്സ് ഒടുക്കുന്നതിനോടുള്ള വ്യാപാരികളുടെ എതിർപ്പും സെസ്സ് പിരിക്കുന്നതിന് തടസ്സമായി. വാണിജ്യനികുതി വകുപ്പ് ലഭ്യമാക്കിയ പട്ടികയിലുൾപ്പെട്ട വ്യാപാര സ്ഥാപനങ്ങളിൽനിന്നും സെസ്സ് പിരിച്ചെടുക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സെസ്സ് പിരിക്കുന്നതിനെതിരെ വ്യാപാരികൾ റിട്ട് ഫയൽ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ? | (സി) | ഉണ്ട്. ആഭരണ സെസ്സ് ഒടുക്കുന്നതിനെതിരെ വ്യപാരികൾ സെസ്സ് പിരിവിന്റെ നിയമസാധുതയെ ചോദ്യം ചെയ്യുകയും ഹൈക്കോടതിയിൽ ധാരാളം റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. കോടതി സ്റ്റേ ഇല്ലാത്ത കേസ്സുകളിൽ സെസ്സ് പിരിവിനുള്ള നടപടികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ.